
വനിത
വീട്
ജൂൺ 2020 ₹ 45
പ്രാണികളെ
അകറ്റും ചെടികൾ
10 Best Indoor Plants
വീട്ടിൽ നിങ്ങൾക്കുണ്ടോ
പ്രിയപ്പെട്ടൊരിടം?
ഇന്റീരിയർ
ലാൻഡ്സ്കേപിങ്
വേണം നാട്ടിലൊരു വീട്
അതിലിത്തിരി പച്ചപ്പും
8 GREEN HOMES & PLANS
Cover Project by Ar. Jayadev K.
9 770975 041001



# പാരമ്പര്യത്തിനൊരു ബിഗ് സല്യൂട്ട്!

പരമ്പരാഗത കേരളീയ വസ്തുശില്പകലയ്ക്കുള്ള ആദരവാണ് ഈ വീടിന്റെ ഡിസൈനിലൂടെ ആർക്കിടെക്ട് നൽകുന്നത്



## Project Facts

**Area:** 6500 sqft

**Owner:** ജെയ്സൻ

**Design:**
ജെ ഡോട്ട്, എറണാകുളം
jayadev.architect@gmail.com

**Location:** ആളൂർ, തൃശൂർ

പ്രകൃതിയുമായി ഇണങ്ങുന്നതാകണം നല്ല വീട് എന്ന സങ്കൽപം പുതുതായി വീടുവയ്ക്കുന്ന എല്ലാവർക്കുമുണ്ട്. എന്നാൽ, പ്രകൃതിയുടെ ചില രൗദ്രഭാവങ്ങളിൽനിന്നു രക്ഷനേടാനുള്ളതാണ് വീട് എന്ന് പലപ്പോഴും മറന്നുപോകും.

പ്രകൃതിയെ നേരിട്ട് വീടിനുള്ളിലേക്കു കൊണ്ടുവരുമ്പോൾ കാറ്റും വെളിച്ചവും മാത്രമല്ല, പെരുമഴയും ചൂടുമെല്ലാം

കാർപോർച്ചിൽ നിന്ന് സിറ്റ്ഔട്ടിലേക്കുള്ള വഴി.



1



2

കൂടെ കയറിവരും. യൂറോപ്യൻ ആർക്കിടെക്ചറും ഗ്ലാസിനു പ്രാധാന്യമുള്ള കെട്ടിടങ്ങളുമൊക്കെ നിർമിക്കുമ്പോൾ നാം മറക്കുന്നത് നമ്മുടെ കാലാവസ്ഥയെയാണ്.

കാലാവസ്ഥയ്ക്കും ജീവിതരീതിക്കും സാംസ്കാരിക പാരമ്പര്യത്തിനും ഇണങ്ങുന്ന വിധത്തിൽ കെട്ടിടങ്ങളെ എങ്ങനെ രൂപകല്പന ചെയ്യാമെന്നത് കാലാകാലങ്ങളായുള്ള ഗവേഷണങ്ങളിലൂടെ ഉരുത്തിരിഞ്ഞുവന്നിട്ടുള്ളതാണ്. അതാണ് നമ്മുടെ ട്രെഡീഷനൽ ആർക്കിടെക്ചർ.

ട്രെഡീഷനൽ വീടുകളുടെ നൂതന വാസ്തുവിദ്യാഭാഷയിലുള്ള ആവിഷ്കാരം എന്നു വിശേഷിപ്പിക്കാം തൃശൂർ ആളൂരിലെ ജെയ്സനുവേണ്ടി ആർക്കിടെക്ട് ജയദേവ് ഡിസൈൻ ചെയ്ത വീടിനെ.

## മോഡേൺ ട്രെഡീഷനൽ

ട്രോപ്പിക്കൽ കാലാവസ്ഥയോട് യോജിക്കുന്ന വിധത്തിലുള്ള നിർമാണസാമഗ്രികൾ, ചെടികൾ, ഡിസൈൻ എന്നിവയെല്ലാം കൂട്ടിയിണക്കിയാണ് ഈ പ്രോജക്ട് ഡിസൈൻ ചെയ്തത്.

1. പ്രധാന കിടപ്പുമുറിയോടു ചേർന്ന സിറ്റിങ് ഏരിയയും കോർട്‌യാർഡും. 2. പാഷ്യോ. 3, 4. വീടിന്റെ എക്സ്റ്റീരിയർ കാഴ്ചകൾ രണ്ട് വ്യത്യസ്ത കോണുകളിൽ നിന്ന്. 5. പുറത്തു നിന്നുള്ള പാഷ്യോ കാഴ്ച. 6. ഡൈനിങ് ഏരിയയും ഫാമിലി ലിവിങ്ങും 7. ഓപൻ കിച്ചൻ.

3



മരങ്ങളും പച്ചപ്പും നിറഞ്ഞ മുറ്റവും ട്രോപ്പിക്കൽ കാലാവസ്ഥയോടു ചേരുന്ന ചെടികൾ വച്ച സൈഡ് കോർട്‌യാർഡുകളും നടുമുറ്റവും തമ്മിലുള്ള വിനിമയമാണ് ഈ വീടിന്റെ ആത്മാവ്. വീടിനുള്ളിൽ സമശീതോഷ്ണാവസ്ഥ സൃഷ്ടിക്കുന്നതിൽ ഈ പച്ചപ്പിനുള്ള സ്ഥാനം ചെറുതല്ല.

നടുമുറ്റത്തിനു ചുറ്റും മുറികൾ ക്രമീകരിക്കുന്ന പരമ്പരാഗതശൈലിയാണ് ഇവിടെ സ്വീകരിച്ചിട്ടുള്ളത്. കാർപോർച്ചിൽനിന്ന് പൂമുഖത്തേക്ക് ഒരു ചെറിയ പാതയാണ്. ഈ പാതയോടു ചേർന്നും ഒരു കോർട്‌യാർഡ് ഉണ്ട്.

പുറത്തെ തീക്ഷ്ണമായ കാലാവസ്ഥയെ അകത്തെ ശാന്തമായ അന്തരീക്ഷവുമായി മെരുക്കിയെടുക്കലാണ് ഈ കോർട്‌യാർഡുകളുടെ ഉദ്യമം. പ്രധാന വാതിൽ തുറന്നാൽ കാണുന്നതും പുറത്തെ പച്ചപ്പിന്റെ തുടർച്ചയെന്നു തോന്നാവുന്ന, നടുമുറ്റത്തെ ചെടികളാണ്.

## തെളിച്ചവും വെളിച്ചവും

ഒളിഞ്ഞും തെളിഞ്ഞും മുറികളിലേ

4






5




6



7



താഴത്തെ നിലയുടെ പ്ലാൻ



മുകളിലെ നിലയുടെ പ്ലാൻ

## നല്ല പാഠം

- വീട്ടുകാരുടെ ആവശ്യങ്ങളും ആർക്കിടെക്ടിന്റെ ആശയങ്ങളും സമന്വയിപ്പിച്ച ഡിസൈൻ.
- ഓടിട്ട, തേക്കുകൊണ്ടു മരപ്പണികളുള്ള വീട്. നടുമുറ്റത്തിനു ചുറ്റും മുറികൾ ക്രമീകരിക്കുന്ന പഴയ രീതിതന്നെ പ്ലാനിൽ പിൻതുടർന്നു. ചൂടിനെ ഒഴിവാക്കുന്ന ഡിസൈൻ.
- അകത്തളത്തിലും പ്രകൃതിയുടെ പരിച്ഛേദം.
- വെളിച്ചത്തിന്റെയും ഇരുളിന്റെയും കോംബിനേഷനാണ് ഇന്റീരിയറിനെ മനോഹരമാക്കുന്നത്. ആവശ്യത്തിനു മാത്രം വെളിച്ചം അകത്തുവരുന്ന രീതിയിലാണ് ജനലുകളുടെ ഡിസൈൻ.

ക്കു കയറിവന്ന് അകത്തളത്തിനു ജീവൻ നൽകുന്ന സൂര്യപ്രകാശത്തെക്കുറിച്ചാണ് ആർക്കിടെക്ട് കൂടുതൽ ആവേശത്തോടെ സംസാരിക്കുന്നത്.

''എക്സ്റ്റീരിയറും ഇന്റീരിയറും തമ്മിലുള്ള വേർതിരിവ് വളരെ നേർത്തതാണ്. അതേസമയം പ്രകൃതിയുടെ തീവ്ര അവസ്ഥകളിൽനിന്നും രക്ഷപ്രാപിക്കാനുള്ള ഇടമായി, പ്രത്യേകമായിത്തന്നെയാണ് ഇന്റീരിയർ ക്രമീകരിച്ചിട്ടുള്ളത്,'' ജയദേവ് പറയുന്നു.


വെളിച്ചത്തിനുള്ളതിനു സമാനമായ












പ്രാധാന്യം ഇരുളിനും നൽകിയിട്ടുണ്ട് ഈ അകത്തളത്തിൽ. മുറികളുടെ ചില ഭാഗങ്ങളിൽ പ്രഭാതരശ്മികൾ പൂത്തു നിൽക്കുമ്പോൾത്തന്നെ ചില ഭാഗങ്ങളിൽ വെളിച്ചമെത്താൻ ജനാലകൾ തുറക്കാൻ നിർബന്ധിതരാകുന്ന അവസ്ഥയുമുണ്ട്.

ഓരോ മുറിയുടെയും ഉപയോഗവും കൂടുതൽ ഉപയോഗിക്കുന്ന സമയവും കണക്കാക്കി ആവശ്യമായ പ്രകാശം മൃദുവായി ലഭിക്കുന്ന രീതിയിലാണ് ക്രമീകരിച്ചിട്ടുള്ളത്. സിറ്റ്ഔട്ടിൽ നിന്ന് ഫോയർ വഴിയാണ് മറ്റ് ഇടങ്ങളിലേക്കുള്ള പ്രവേശനം. ലിവിങ് ഏരിയകൾ നടുമുറ്റത്തേക്കു തുറക്കുന്നു.

പാഷ്യോയിലേക്കുള്ള വാതിലിലൂടെ പടിഞ്ഞാറൻ സൂര്യൻ ഡൈനിങ്ങിലേക്കു കുതിക്കുന്നു. ഞാത്തലുകളുള്ള താഴ്ന്ന മേൽക്കൂരയാണ് ഇതിനു തടയിടുന്നത്. കിഴക്കോട്ട് അഭിമുഖമാണ് ഓപൺ ശൈലിയിൽ ക്രമീകരിച്ച അടുക്കള.

പ്രധാന കിടപ്പുമുറിയോടു ചേർന്ന് ഒരു കോർട്യാർഡ് ഉണ്ട്. സുഖനിദ്രക്ക് അനുയോജ്യമായ രീതിയിൽ ഇരുളിനും

1. ഫോർമൽ ലിവിങ്ങും ഗോവണിയും.
2. ഡൈനിങ്ങിലെ നടുമുറ്റക്കാഴ്ച.
3,4. കിടപ്പുമുറികളിലെ വെളിച്ചത്തിന്റെ ഒളിച്ചുകളി.



**"പുതിയ സാഹചര്യങ്ങൾക്ക് അനുസരിച്ച് പരമ്പരാഗത വാസ്തുവിദ്യയെ വ്യാഖ്യാനിക്കാനാണ് ശ്രമിച്ചത്."**

**ജയദേവ്**
**ആർക്കിടെക്ട്**

കൂടി പ്രാധാന്യമുള്ള രീതിയിലാണ് കിടപ്പുമുറികളുടെ വിന്യാസവും ജനലുകളുടെ ക്രമീകരണവും. മുകളിലെ കിടപ്പുമുറികളോടു ചേർന്ന വരാന്ത പടിഞ്ഞാറൻ സൂര്യരശ്മികളിൽനിന്ന് മുറികളെ സംരക്ഷിക്കുന്നു.

ടെറാക്കോട്ട ടൈൽ വിരിച്ച മേൽക്കൂരയും ചാരനിറമുള്ള ഫ്ലോർ ടൈലും വെളുത്ത ഭിത്തികളുമുള്ള ലളിതഘടനയാണ് വീടിന്. കോർട്യാർഡിലെ മഴവെള്ളപ്പാത്തി പോലെ അവശ്യവസ്തുക്കൾ തന്നെ അലങ്കാരമാക്കി. കാലപ്പഴക്കത്തിന്റെ ലക്ഷണങ്ങൾ കാണിച്ചു തുടങ്ങിയ തേക്കിൻ പലകകളും നിറം മങ്ങിത്തുടങ്ങിയ ഓടും വീടിന്റെ സ്വാഭാവിക സൗന്ദര്യത്തിനു മാറ്റുകൂട്ടുന്നു. ■

**ശ്രീദേവി**